നം.ഇ.എക്സ്/സി.ജി.എൽ(1)/38000/2017/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി: 20/01/2018.

# സർക്കുലർ

വിഷയം : 2018 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷ : പ്രൊവിഷണൽ A ലിസ്റ്റ് പ്രസിദ്ധീകരണം, A ലിസ്റ്റിൻെറ സൂക്ഷ്മപരിശോധന - പ്രധാന അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ.

സൂചന : 25.10.2017 -ലെ ഇതേ നമ്പർ വിജ്ഞാപനം.

2018 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി സ്കൂളുകളിൽ നിന്നും രജിസ്റ്റർ ചെയ്യുകയും e-submission പൂർത്തീകരിക്കുകയും ചെയ്ത വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പ്രൊവിഷണൽ A ലിസ്റ്റ് HM ലോഗിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൻെറ സൂക്ഷ്മപരിശോധന 2018 ജനുവരി 24 ന് വൈകിട്ട് 5 മണിക്കുമുൻപ് പൂർത്തീകരിക്കുവാൻ പ്രധാനാധ്യാപകർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. **പ്രൊവിഷണൽ ലിസ്റ്റിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ആയത് HM ലോഗിനിലുള്ള Candidate Update എന്ന മെനുവിലൂടെ അഡ്മിഷൻ നമ്പർ നൽകി വിദ്യാർത്ഥി വിവരങ്ങളിൽ തിരുത്തലുകൾ വരുത്തേണ്ടതാണ്.**

ARC, RAC, CCC വിഭാഗത്തിലോ ഉള്ള വിദ്യാർത്ഥികളെയോ , സർക്കാരിൻെറ പ്രത്യേക ഉത്തരവിലൂടെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അനുമതികിട്ടിയ വിദ്യാർത്ഥികളെയോ രജിസ്റ്റർ ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം (വിദ്യാർത്ഥിവിവരം; വിദ്യാർത്ഥിയെ ഉൾപ്പെടുത്തേണ്ട ഡിവിഷൻ; ഉത്തരവിൻെറ പകർപ്പുകൾ സഹിതം) പ്രധാന അധ്യാപകൻെറ അപേക്ഷ സ്കൂൾ ലെറ്റർ ഹെഡിൽ തയ്യാറാക്കി ഒപ്പ് വെച്ച് സ്കൂൾ സീലും പതിപ്പിച്ച് iexamhelpdesk@gmail.com എന്ന e-mail വിലാസത്തിലേക്ക് 2018 ജനുവരി 23 ന് വൈകിട്ട് 5 മണിക്കു മുൻപ് അയക്കേണ്ടതാണ്.

സാങ്കേതിക കാരണങ്ങളാൽ പ്രൈവറ്റ് രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ സാധിക്കാത്ത സ്കൂളുകൾ പ്രസ്തുത വിദ്യാർത്ഥിവിവരം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള (വിദ്യാർത്ഥിയുടെ ആദ്യ രജിസ്റ്റർ നമ്പർ, ആദ്യമായി പരീക്ഷ എഴുതിയ വർഷം, തുടർന്ന് ഓരോ വർഷവും എഴുതിയ രജിസ്റ്റർ നമ്പറും വർഷവും സഹിതം)

പ്രധാനാധ്യാപകൻറെ അപേക്ഷയുടെ സ്കാൻ ചെയ്ത കോപ്പിയും, വിദ്യാർത്ഥി സമർപ്പിച്ച അപേക്ഷയുടെ കോപ്പിയും ഇ-മെയിൽ ചെയ്യണം.

സമയപരിധിക്കുള്ളിൽ e-submission പൂർത്തീകരിക്കാത്ത സ്കൂളുകൾക്ക് പ്രൊവിഷണൽ A ലിസ്റ്റ് ലഭ്യമാകുന്നതല്ല. അത്തരം സ്കൂൾ പ്രധാനാധ്യാപകർ കൃത്യവിലോപത്തിന് വിശദീകരണം DEO യുടെ മേലൊപ്പോടുകൂടി പരീക്ഷാസെക്രട്ടറിക്ക് 2018 ജനുവരി 23 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. ഇത്തരം സ്കൂൾ അധികൃതർ (പ്രധാനാധ്യാപകനും SITC യും) പരീക്ഷാരജിസ്ട്രേഷൻ നടപടികൾ പരീക്ഷാഭവനിൽ രേഖകൾ സഹിതം നേരിട്ടെത്തി പൂർത്തീകരിക്കേണ്ടതുമാണ്.

**2018 ജനുവരി 24 ന് വൈകിട്ട് 5 മണിക്കുശേഷം യാതൊരു കാരണവശാലും വിദ്യാർത്ഥിവിവരങ്ങളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.**

**(ഒപ്പ്)**
**പരീക്ഷാസെക്രട്ടറി**

പകർപ്പ് :

1. എല്ലാ പ്രധാനാദ്ധ്യാപകർക്കും (പരീക്ഷാഭവൻ, iExams വെബ്സൈറ്റുകൾ മുഖാന്തിരം)
2. എല്ലാ DEO മാർക്കും അറിവിലേക്കായി (പരീക്ഷാഭവൻ, iExams വെബ്സൈറ്റുകൾ മുഖാന്തിരം)
3. സ്റ്റോക്ക് ഫയൽ.